**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2024** **29-09-2025 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ സാംസ്കാരിക വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സാംസ്കാരിക വകുപ്പ് പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാംസ്കാരിക വകുപ്പിന്റെ സമുച്ചയനിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട പാലക്കാട് (വി.ടി ഭട്ടതിരിപ്പാട്) സാംസ്കാരിക സമുച്ചയം നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ഗാന്ധി സേവാ സദൻ കഥകളി അക്കാഡമിക്ക് 4 ക്ലാസ് മുറികളുടെ നിർമ്മാണം, കിള്ളിക്കുറിശ്ശി മംഗലം കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ വികസന പുനരുദ്ധാരണ പ്രവർത്തനം, എം എസ് വിശ്വനാഥൻ സ്മാരകനിർമ്മാണം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. |
| (ബി) | ഈ പ്രവൃത്തികൾക്ക് എത്ര തുക അനുവദിച്ചുവെന്നും ആയതിൽ എത്ര തുക ചെലവായെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ? | (ബി) | ഈ പ്രവർത്തികൾക്ക് അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു<br><br>1. **<u>പാലക്കാട് (വി.ടി. ഭട്ടതിരിപ്പാട്) സാംസ്കാരിക സമുച്ചയം-</u>**<br><br>68 കോടി രൂപ കിഫ്ബി ഫണ്ട്.<br><br>2. **<u>ഗാന്ധി സേവാ സദൻ കഥകളി അക്കാഡമിക്ക് വേണ്ടിയുള്ള ക്ലാസ് മുറികളുടെ നിർമ്മാണം</u>**<br><br>47 ലക്ഷം രൂപയുടെ ഭരണാനുമതി ഉത്തരവ് പ്രകാരം രണ്ട് ഗഡുക്കളായി 2022-23, 2023-24 വർഷങ്ങളിൽ ആകെ 21,75,000/- രൂപ അനുവദിച്ചു.<br><br>**<u>3.കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ വികസന പുനരുദ്ധാരണ പ്രവർത്തനം</u>**<br><br>1,96,80,000/- രൂപയുടെ ഭരണാനുമതി ഉത്തരവിന്റെയടിസ്ഥാനത്തിൽ 20% മൊബിലൈസേഷൻ തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.<br><br>**<u>4.എം.എസ് വിശ്വനാഥൻ സ്മാരകം.</u>** |

| | | | |
|---|---|---|---|
| | | | എം.എസ് വിശ്വനാഥൻ സ്മാരകനിർമ്മാണത്തിന് 1 കോടി രൂപയുടെ ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ